**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2951** **28-02-2023 - ൽ മറുപടിയ്ക്ക്**

**അർദ്ധസർക്കാർ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ അടയ്ക്കാനുള്ള വെള്ളക്കര കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വെള്ളക്കര കുടിശ്ശിക വരുത്തിയിട്ടുള്ള അർദ്ധസർക്കാർ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവരങ്ങളും, കുടിശ്ശകയായ തുകയും ഉൾപ്പെടെയുള്ള വിശദവിവരം തരംതിരിച്ച് ലഭ്യമാക്കാമോ; | (എ) | **വിശദ വിവരം തരംതിരിച്ച് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | **വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. കൃത്യമായി ബില്ല് അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. അധിക കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന് ആംനസ്റ്റി പദ്ധതി പ്രകാരം വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. കൂടാതെ സമയബന്ധിതമായി കുടിശിക തീർക്കുന്നതിന് വാർ റൂം എല്ലാ സെക്ഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറക്ക് തവണകൾ ആയി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തു വരുന്നു.**<br><br>**സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ചു കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട് കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടയ്ക്കണം എന്ന് കാണിച്ചു ജല വിഭവ വകുപ്പ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് കത്തു നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം നടത്തി വരുന്നു. യുദ്ധകാല** |

| | | | |
|---|---|---|---|
| | | | **അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചു വരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടയ്ക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കുന്നതാണ്.** |
| (സി) | പൊതുടാപ്പുകൾക്ക് നൽകിവരുന്ന വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; ആയതിന്റെ ബാദ്ധ്യത ആരാണ് ഏറ്റെടുക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (സി) | **വർധിപ്പിച്ചിട്ടുണ്ട്. 03/02/2023 തീയതിയിലെ GO.(MS)No.11/2023/WRD ഉത്തരവ് പ്രകാരം ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചപ്പോൾ പ്രതിവർഷം കോർപറേഷൻ/മുനിസിപ്പാലിറ്റി പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്തുകളുടെ പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 14,559.12 രൂപയും ആയും വർധിച്ചു.**<br><br>**പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശികയുടെ ബാദ്ധ്യത അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| PSU | ARREARS | NUMBER OF CONSUMERS | ARREARS IN CRORES |
|---|---|---|---|
| KSEB | 3,58,57,064.00 | 143 | 3.586 |
| OTHERS | 1,89,95,071.00 | 95 | 1.9 |
| BSNL | 1,37,84,542.00 | 260 | 1.378 |
| POULTRY DEVELOPMENT | 89,17,337.00 | 8 | 0.892 |
| DEVASOM | 73,57,826.00 | 35 | 0.736 |
| KWA | 22,65,805.00 | 61 | 0.227 |
| KHRWS | 30,47,199.00 | 15 | 0.305 |
| KSRTC | 26,69,435.00 | 51 | 0.267 |
| HOUSING BOARD · | 23,64,394.00 | 40 | 0.236 |
| BANK | 9,01,244.00 | 159 | 0.09 |
| KSHB | 6,48,248.00 | 20 | 0.065 |
| KSFE | 4,94,176.00 | 5 | 0.049 |
| KTDC | 4,21,155.00 | 4 | 0.042 |
| LNCPE | 2,56,705.00 | 1 | 0.026 |
| MILMA | 19,40,265.00 | 38 | 0.194 |
| FISHERIES | 1,11,489.00 | 25 | 0.011 |
| FILM DEVELOPMENT | 88,499.00 | 4 | 0.009 |
| HINDUSTAN LATEX | 53,902.00 | 3 | 0.005 |
| LIC | 4,77,128.00 | 45 | 0.048 |
| PSC | 1,71,156.00 | 3 | 0.017 |
| UNIVERSITY | 97,854.00 | 6 | 0.01 |
| SPST TRUST | 3,754.00 | 2 | 0 |
| **TOTAL** | 10,09,24,248.00 | | 10.092 |

| INDUSTRIES | ARREARS | NUMBER OF CONCOUNTAI | ARREARS IN CRORES |
|---|---|---|---|
| MAJOR | 1,13,48,273.00 | 51 | 1.135 |
| MINOR | 12,68,677.00 | 95 | 0.127 |
| TOTAL | 1,26,16,950.00 | | 1.262 |

സെക്ഷൻ ഓഫീസർ

Draft #2 of File KWA/HO/RMC/LA/1117/2016 (Part IV) Approved by Finance Manager & Chief Accounts Officer on 24-Feb-2023 04:49 PM - Page 2